**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1928** **13-02-2025 - ൽ മറുപടിയ്ക്ക്**

**ക്ഷീരസാന്ത്വനം ഇൻഷുറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീരകർഷകർക്കായുള്ള 'ക്ഷീരസാന്ത്വനം ഇൻഷുറൻസ് പദ്ധതി' യുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര കർഷകർക്ക് പ്രസ്തുത പദ്ധതിയുടെ ഗുണം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ? | (എ) | കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകർക്ക് ആരോഗ്യ സുരക്ഷിതത്വവും ആശ്വാസവും ഉറപ്പാക്കുന്നതിനാണ് ക്ഷീര സാന്ത്വനം ഇൻഷുറൻസ് പദ്ധതി രൂപീകരിച്ചത്. ക്ഷീരകർഷകരുടെ ആരോഗ്യത്തിനും ജീവനും സുരക്ഷിതത്വം ലഭിക്കുന്നതിനാൽ പദ്ധതി വളരെയധികം പ്രാധാന്യം അർഹിക്കുന്നു. യാതൊരുവിധ ആരോഗ്യ പരിശോധനകളും കൂടാതെ തന്നെ 80 വയസ്സ് വരെ പ്രായമുള്ള ക്ഷീരകർഷകർക്ക് പദ്ധതിയിൽ ചേരാം എന്നതും നിലവിലുള്ള അസുഖങ്ങൾക്കു കൂടി പദ്ധതിയിൽ പരിരക്ഷ ലഭിക്കും എന്നതും ഈ പദ്ധതിയുടെ മാത്രം പ്രത്യേകതയാണ്. 2024-'25-ൽ ഇ-ടെൻഡർ മുഖാന്തിരം തെരഞ്ഞെടുത്ത ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയും ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയും ആണ് നിർവ്വഹണ ഏജൻസികൾ. ആരോഗ്യ പരിരക്ഷ ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയും ജീവനുള്ള സുരക്ഷ എൽ.ഐ.സിയും ഉറപ്പാക്കുന്നു. AMEX ഇൻഷുറൻസ് ബ്രോക്കേഴ്സ് എന്ന കമ്പനിയെയാണ് പദ്ധതിയുടെ ബ്രോക്കിംഗ് ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. പദ്ധതി ധനസഹായത്തിനായി സംസ്ഥാന സർക്കാർ ക്ഷീരവികസന വകുപ്പ് വഴി 1.5 കോടി രൂപയും മിൽമയുടെ മൂന്ന് മേഖലാ യൂണിയനുകളിൽ നിന്നുമായി 90 ലക്ഷം രൂപയും ക്ഷീരകർഷക ക്ഷേമനിധി വിഹിതമായ 3.37 കോടി രൂപയും ഇൻഷുറൻസ് പദ്ധതിക്കായി നീക്കി വച്ചിട്ടുണ്ട്. ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ ക്ഷീരകർഷകർക്കും, കുടുംബാംഗങ്ങൾക്കും, ക്ഷീരസംഘം ജീവനക്കാർക്കും പദ്ധതിയിൽ ചേരാവുന്നതാണ്. സബ്സിഡി വിഹിതം ക്ഷേമനിധി അംഗങ്ങൾക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു. ക്ഷീരസാന്ത്വനം ഇൻഷുറൻസ് പദ്ധതിയിൽ |

| | | | |
|---|---|---|---|
| | | | അംഗങ്ങളാകുന്നവർക്ക് ആരോഗ്യസുരക്ഷാ പോളിസി, അപകട സുരക്ഷാ പോളിസി, ലൈഫ് ഇൻഷ്വറൻസ് പോളിസി എന്നീ മൂന്ന് വിഭാഗങ്ങളുടെ പരിരക്ഷ ലഭിക്കുന്നു. ആരോഗ്യസുരക്ഷാ പോളിസിയുടെ ഭാഗമായി കുടുംബാംഗങ്ങൾക്ക് രണ്ട് ലക്ഷം രൂപ വരെയുള്ള ചികിത്സാ സഹായം പണചെലവില്ലാതെ ലഭ്യമാണ്. അപകടസുരക്ഷ പോളിസി പ്രകാരം ക്ഷീരസാന്ത്വനം പദ്ധതിയിൽ അംഗത്വമെടുത്ത വ്യക്തികൾക്ക് അപകട മരണങ്ങൾക്കും, സ്ഥായിയായ അംഗവൈകല്യങ്ങൾക്കും 7 ലക്ഷം രൂപ ധനസഹായം നൽകുന്നു. കൂടാതെ 25 വയസ്സ് വരെയുള്ള 2 കുട്ടികൾക്ക് ഇരുപത്തി അയ്യായിരം രൂപ വീതം അൻപതിനായിരം രൂപ വിദ്യാഭ്യാസ ധനസഹായം ലഭിക്കുന്നതുമാണ്. ലൈഫ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം സാധാരണ മരണങ്ങൾക്ക് 1 ലക്ഷം രൂപയും നൽകുന്നു. എൽ.ഐ.സി പോളിസിയിൽ 60 വയസ്സ് വരെ മാത്രമെ ചേരുവാൻ സാധിക്കുകയുള്ളു. കേരളത്തിലുടനീളം 296 ആശുപത്രികളിൽ ക്യാഷ് ലെസ് സൗകര്യം ലഭ്യമാണ്. ഇത് കൂടാതെ ഏത് ആശുപത്രിയിൽ ചികിത്സ നേടിയാലും റീഇംബേഴ്സ്മെന്റ് വഴി ധനസഹായം ലഭിക്കും. ആശുപത്രി വാസത്തിന് ഒരു മാസം മുൻപും ആശുപത്രി വാസത്തിന് ശേഷമുള്ള 2 മാസവും തുടർ ചികിത്സാ ധനസഹായം ലഭിക്കും. ക്ഷീരസാന്ത്വനം പദ്ധതിയിൽ അംഗമാകുന്നതിന് ഒരു കർഷകന് 6,350/- രൂപയാണ് പ്രീമിയം തുകയായി നിശ്ചയിച്ചിട്ടുള്ളത്. ആയതിന്റെ 50% തുകയായ 3,175/- രൂപ ക്ഷേമനിധി ധനസഹായമായി നൽകുന്നു. തൻവർഷം 18,200 ക്ഷീരകർഷകരെ പദ്ധതി ധനസഹായത്തിനായി തെരഞ്ഞെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ധന സഹായം കൂടാതെ മറ്റ് ക്ഷേമനിധി അംഗങ്ങൾക്കും ജീവനക്കാർക്കും പദ്ധതിയിൽ ചേരാൻ കഴിയുന്നു.<br><br>2023-24 സാമ്പത്തിക വർഷം മുതലാണ് കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് ക്ഷീരസാന്ത്വനം പദ്ധതി നടപ്പിലാക്കി വരുന്നത്. 2023-24 ൽ 18189 പേർക്ക് 1725/-രൂപ നിരക്കിൽ 3,13,76,025/- രൂപയുടെയും, 2024-25-ൽ 15034 പേർക്ക് 3175/- രൂപ നിരക്കിൽ 4,77,32,950/-രൂപയുടെയും പദ്ധതി ആനുകൂല്യം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ